REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 09-04-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് മുന്നണികളുടെ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ശക്തമായി.
- ഇടുക്കി രൂപതയ്ക്കു പിന്നാലെ താമരശ്ശേരി രൂപതയും കേരള സ്റ്റോറി എന്ന ചിത്രം പ്രദർശിപ്പിക്കും.
- പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ദിവസത്തെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വൈകിട്ട് ചെന്നൈയിലെത്തും.
- സാമൂഹിക സുരക്ഷാ, ക്ഷേമനിധി പെൻഷനുകളുടെ രണ്ട് ഗഡു കൂടി സംസ്ഥാനത്ത് വിതരണം തുടങ്ങി.
- ഈദുൽ ഫിത്വർ ആഘോഷത്തിന് വിശ്വാസികൾ ഒരുങ്ങുന്നു.
- ദേശിയ സ്കൂൾ ജൂനിയർ മീറ്റ് ഇന്ന് പറ്റ്നയിൽ സമാപിക്കും.

## വാർത്തകൾ വിശദമായി

ലോക്സഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് മത്സരചിത്രം വ്യക്തമായതോടെ സംസ്ഥാനത്ത് പ്രചാരണം കൂടുതൽ ശക്തമായി. മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളുടെയും മുന്നണികളുടെയും പ്രവർത്തകർ വീടുവീടാന്തരം കയറിയിറങ്ങി വോട്ട് തേടുന്നുണ്ട്. സ്ഥാനാർത്ഥികൾ പ്രധാന കേന്ദ്രങ്ങളിൽ പൊതുയോഗങ്ങളിലും റാലികളിലും റോഡ് ഷോകളിലും പങ്കെടുത്ത് പ്രചാരണത്തിന് നേതൃത്വം നൽകി വരുന്നു.

✪✪✪

ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പ് കോൺഗ്രസിനെ സംബന്ധിച്ച് ജീവന്മരണ പോരാട്ടമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് AK ആന്റണി പറഞ്ഞു. കോൺഗ്രസ് നേതാക്കളെ ED യും, മറ്റ് ഏജൻസികളും വേട്ടയാടുന്ന സാഹചര്യമാണ് ഇപ്പോഴെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നരേന്ദ്രമോദിയെന്ന പേര് ഉച്ചരിക്കാൻ പോലും മുഖ്യമന്ത്രി പിണറായി വിജയൻ ഭയപ്പെടുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. അതിനു പകരം കോൺഗ്രസിനെ വിമർശിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ഗവൺമെന്റ് തലത്തിലെ ധൂർത്ത് ജനങ്ങൾ കാണാതിരിക്കില്ലെന്നും ബൂത്തിലെത്തുമ്പോൾ വോട്ടർമാർ അതോർക്കുമെന്നും ആന്റണി അഭിപ്രായപ്പെട്ടു.

✪✪✪

കണ്ണൂർ പാർലിമെന്റ് മണ്ഡലം BJP നേതൃയോഗം ഉച്ചകഴിഞ്ഞ് BJP ജില്ലാ കമ്മറ്റി ഓഫീസിൽ സംസ്ഥാന പ്രഭാരി പ്രകാശ് ജാവദേക്കർ ഉദ്ഘാടനം ചെയ്യും. വൈകീട്ട് ധർമ്മടം, വാരം എന്നിവിടങ്ങളിൽ കുടുംബയോഗങ്ങളിലും അദ്ദേഹം പങ്കെടുക്കും.

UDF സ്ഥാനാർത്ഥി K. സുധാകരൻ ഇന്ന് പേരാവൂർ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പര്യടനം നടത്തും.

LDF സ്ഥാനാർത്ഥി M.V ജയരാജന്റെ ലോക്കൽ തെരഞ്ഞെടുപ്പ് റാലികൾക്ക് തുടക്കമായി.

✪✪✪

ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു.

ആകാശവാണി ജില്ലാ പ്രതിനിധി ഭരിത പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്.

.....(വോയ്സ്)..................

✪✪✪

ചാനൽ സംവാദ പരിപാടികൾക്ക് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടറുടെയും പൊലീസിന്റെയും മുൻകൂർ അനുമതി

വാങ്ങണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഇത്തരം പരിപാടികളിൽ ക്രമസമാധാന പ്രശ്നം ഉണ്ടാകാതിരിക്കാൻ ആൾക്കൂട്ടത്തെ നിയന്ത്രിക്കാൻ ക്രമീകരണങ്ങൾ ഉണ്ടാകണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ നിർദേശിച്ചു.

✪✪✪

ഇടുക്കി രൂപതയ്ക്കു പിന്നാലെ തലശ്ശേരി, താമരശ്ശേരി രൂപതകളിലും കേരള സ്റ്റോറി എന്ന ചിത്രം പ്രദർശിപ്പിക്കാൻ KCYM ഉൾപ്പെടെ ക്രൈസ്തവ സംഘടനകൾ തീരുമാനിച്ചു. പെൺകുട്ടികൾക്കും, വിദ്യാർത്ഥികൾക്കും ബോധവത്ക്കരണം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് സിനിമ പ്രദർശനം.

കേരള സ്റ്റോറി RSS അജണ്ടയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതിനെതിരെ ന്യൂനപക്ഷങ്ങൾ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം ചവറയിൽ അഭിപ്രായപ്പെട്ടു.

കേരള സ്റ്റോറി പ്രദർശനത്തിൽ ക്രൈസ്തവ സഭയാണ് തീരുമാനമെടുക്കേണ്ടതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ഇടുക്കിയിൽ അഭിപ്രായപ്പെട്ടു. ആ സിനിമയ്ക്കെതിരെയല്ല, ഗവൺമെന്റ് സംവിധാനത്തെ ദുരുപയോഗം ചെയ്യുന്നതിനെതിരെയാണ് പാർട്ടി രംഗത്തു വന്നതെന്ന് അദ്ദേഹം വിശദീകരിച്ചു.

✪✪✪

കാസർകോട്ട് ലോക്സഭ തെരഞ്ഞെടുപ്പിന്റെ വോട്ടർ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സ്വമേധയാ പങ്കാളിയാവുകയാണ് കർണ്ണാടകയിൽ നിന്നെത്തിയ ഒൻപതുകാരി സന്നിധി. ഏപ്രിൽ 26 ന് മുഴുവൻ വോട്ടർമാരെയും വോട്ട് ചെയ്യുന്നതിന് പ്രചോദിപ്പിക്കുകയും അത് വഴി 100 ശതമാനം വോട്ടിംഗ് ഉറപ്പ് വരുത്തുകയുമാണ് സന്നിധിയുടെ ലക്ഷ്യം

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി P. ജഗന്നിവാസൻ.

.....(വോയ്സ്)............

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ദിവസത്തെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് വൈകിട്ട് ചെന്നൈയിലെത്തും. ചെന്നൈയിൽ BJP സ്ഥാനാർത്ഥിയുടെ റോഡ് ഷോയിൽ പങ്കെടുക്കുന്ന അദ്ദേഹം രണ്ട് പൊതുയോഗങ്ങളെയും അഭിസംബോധന ചെയ്യും.

നാളെ വെല്ലൂർ, കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് റാലികളിൽ പ്രധാനമന്ത്രി സംബന്ധിക്കും.

✪✪✪

സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് നടത്താൻ പശ്ചിമ ബംഗാളിൽ കേന്ദ്ര സായുധ അർദ്ധസൈനിക സേനയുടെ 100 കമ്പനികളെ കൂടി വിന്യസിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ആഭ്യന്തര മന്ത്രാലയത്തിന് നിർദ്ദേശം നൽകി. 55 കമ്പനി സെൻട്രൽ റിസർവ് പോലീസ് സേനയെയും 45 കമ്പനി അതിർത്തി രക്ഷാ സേനയെയും കമ്മിഷന്റെ നിർദേശപ്രകാരം ആഭ്യന്തര മന്ത്രാലയം വിന്യസിച്ചതായി ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

സാമൂഹിക സുരക്ഷാ, ക്ഷേമനിധി പെൻഷനുകളുടെ രണ്ട് ഗഡു കൂടി സംസ്ഥാനത്ത് വിതരണം തുടങ്ങി. ഗുണഭോക്താക്കൾക്ക് 3,200 രൂപ വീതം ലഭിക്കും. കഴിഞ്ഞ മാസം ഒരു ഗഡു വിതരണം ചെയ്തിരുന്നു. റംസാനും വിഷുവും കണക്കിലെടുത്താണ് കുടിശ്ശിക വിതരണം ചെയ്യുന്നത്. ഇനി നാല് മാസത്തെ കുടിശ്ശിക ബാക്കിയുണ്ട്. 62 ലക്ഷം ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് നടത്തിയവർക്കെല്ലാം തുക ലഭിക്കും.

✪✪✪

റംസാൻ വ്രതത്തിന്റെ അവസാന ഘട്ടത്തിൽ വിശ്വാസികൾ ഈദുൽ ഫിത്വർ ആഘോഷിക്കാൻ ഒരുങ്ങുകയാണ്. ഇന്ന് ശവ്വാൽ പിറ ദൃശ്യമായാൽ നാളെ ചെറിയ പെരുന്നാളാകും. ചാന്ദ്രപിറവി ദൃശ്യമായില്ലെങ്കിൽ 30 നോമ്പ് പൂർത്തിയാക്കി മറ്റന്നാളാകും സംസ്ഥാനത്ത് പെരുന്നാൾ.

ഇന്നു ശവ്വാൽ മാസപ്പിറവി കാണുന്നവർ വിവരമറിയിക്കണമെന്ന് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ. K. ആലിക്കുട്ടി മുസ്‌ലിയാർ തുടങ്ങിയവർ അഭ്യർത്ഥിച്ചു.

✪✪✪

**സംസ്ഥാനത്ത് മറ്റന്നാൾ വരെ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടുക്കി, വയനാട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 41 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം ജില്ലയിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കും.**

✪✪✪

**ദേശിയ സ്കൂൾ ജൂനിയർ മീറ്റ് ഇന്ന് പറ്റ്നയിൽ സമാപിക്കും. 15 ഇനങ്ങളിലാണ് ഇന്ന് ഫൈനൽ നടക്കുന്നത്. ഇന്നലെ, രണ്ട് സ്വർണം കൂടി നേടിയതോടെ കേരളത്തിന്റെ സ്വർണനേട്ടം മൂന്നായി.**

**ആൺകുട്ടികളുടെ 110 മീറ്റർ ഹർഡിൽസിൽ പാലക്കാട് വടവന്നൂർ VMHSS ലെ K കിരൺ,100 മീറ്റർ ഹർഡിൽസിൽ മലപ്പുറം തിരുന്നാവായ നാവാമുകുന്ദ ഹൈസ്കൂളിലെ ആദിത്യഅജി എന്നിവരാണ് ഇന്നലെ സ്വർണം നേടിയത്.**

✪✪✪

**ഏഷ്യാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് ഇന്ന് ചൈനയിലെ നിങ്ബോയിൽ തുടങ്ങും. H.S പ്രണോയ്, കിഡംബി ശ്രീകാന്ത്, ലക്ഷ്യസെൻ, P.V സിന്ധു തുടങ്ങിയ താരങ്ങൾ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിക്കും. പുരുഷ സിംഗിൾസിൽ H.S.പ്രണോയ് ചൈനയുടെ ലു ഗ്വാങ്ഷുവിനെയും കിഡംബി ശ്രീകാന്ത് ഇന്തോനേഷ്യയുടെ ആന്റണി ജിൻറിംഗിനെയും നേരിടും.**

✪✪✪

**IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് , സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി ഏഴരക്ക് ചണ്ഡീഗഡിലാണ് മത്സരം.**

**ഇന്നലെ, ചെന്നൈ സൂപ്പർ കിംഗ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.**

✪✪✪

**ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചിന് ജംഷഡ്പൂർ FC- ഗോവയുമായും രാത്രി ഏഴരക്ക് ചെന്നൈയിൻ, നോർത്ത് ഈസ്റ്റുമായും ഏറ്റുമുട്ടും.**

ഇന്നലെ, ഒന്നിനെതിരെ രണ്ട് ഗോളിന് മുംബൈ, ഒഡീഷ FC-യെ പരാജയപ്പെടുത്തി. 21 മത്സരങ്ങളിൽ നിന്ന് 47 പോയിന്റുമായി മുംബൈയാണ് പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്ത്.

✪✪✪

വേനലവധി - വിഷു കാലത്തെ യാത്രാ തിരക്കിന് പരിഹാരമായി ദക്ഷിണ റെയിൽവെ ചെന്നൈ- കൊച്ചുവേളി - ചെന്നൈ റൂട്ടിൽ പ്രത്യേക സർവീസ് നടത്തും. നാളെ വൈകിട്ട് 3.45 ന് ചെന്നൈയിൽ നിന്ന് ആദ്യസർവീസ് പുറപ്പെടും. തുടർന്ന് 17, 24 തിയതികളിലും സർവീസ് ഉണ്ടായിരിക്കും. 11, 18, 25 തിയതികളിൽ വൈകിട്ട് 6.25 ന് കൊച്ചുവേളിയിൽ നിന്ന് ട്രെയിന്റെ മടക്കയാത്ര ആരംഭിക്കും.

ഇതിനുപുറമേ, കൊച്ചുവേളി - ബംഗലുരു - കൊച്ചുവേളി റൂട്ടിലും ലോകമാന്യ തിലക് - കൊച്ചുവേളി - ലോകമാന്യ തിലക് റൂട്ടിലും റെയിൽവെ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തും.

ബംഗലുരു ട്രെയിൻ ഇന്ന് മുതൽ മെയ് 28 വരെ എല്ലാ ചൊവ്വാഴ്ചകളിലും കൊച്ചുവേളിയിൽ നിന്ന് വൈകിട്ട് 6.05-ന് യാത്ര തിരിക്കും. എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്ക് 12.45-ന് മടക്കയാത്ര തുടങ്ങും.

ലോകമാന്യ തിലകിൽ നിന്ന് മറ്റന്നാൾ മുതൽ വ്യാഴാഴ്ചകളിൽ വൈകിട്ട് നാലിന് സർവീസ് പുറപ്പെടും. ശനിയാഴ്ചകളിൽ വൈകിട്ട് 4.20-ന് കൊച്ചുവേളിയിൽ നിന്ന് മുടക്കയാത്ര തുടങ്ങും.

✪✪✪

സ്വർണത്തിന് ഇന്നും വില വർധിച്ചു. പവന് 80 രൂപ ഉയർന്ന് 52,600 രൂപയായി. 6,575 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪